KERALA VETERINARY & ANIMAL SCIENCES UNIVERSITY
Office of the Registrar,Pookode, Lakkidi. PO, Wayanad, Pin: 673576
Email : registrar@kvasu.ac.in, officeregistry@kvasu.ac.in, Phone No. 04936 209230, 209223

Approved By Dr. P. SUDHEER BABU (REGISTRAR) on October 10, 2025 09:38 AM IST
(The document is digitally approved and does not require any Seal or Signature in original)

നം. KVASU/DAR/B1/3025/2025(5) പൂക്കോട്, തീയതി, 10/10/2025

**വിജ്ഞാപനം**

വിഷയം:- കെ.വി.എ.എസ്.യു.-സർവ്വകലാശാലയിലെ തൊഴിലാളികളുടെ മക്കൾക്ക് ബി.ടെക് കോഴ്സിന് സംവരണം ചെയ്തിട്ടുള്ള സൂപ്പർ ന്യൂമററി സീറ്റുകളിലേക്കുള്ള 2025 -26 അധ്യയന വർഷത്തെ പ്രവേശനം - സംബന്ധിച്ച്

സൂചന:- സർവ്വകലാശാലയുടെ 22/12/2015 തീയതിയിലെ കെ.വി.എ.എസ്.യു/ഡി.എ.ആർ/അക്കാദ്/ബി1/13108/2015 (ix) നമ്പർ ഉത്തരവ്.

കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളുടെ മക്കൾക്കായി ബി.ടെക് (ഡയറി ടെക്നോളജി) കോഴ്സിനും ബി.ടെക് (ഫുഡ് ടെക്നോളജി) കോഴ്സിനും സംവരണം ചെയ്തിരിക്കുന്ന ഓരോ സുപ്പർ ന്യൂമററി സീറ്റുകളിലേക്ക് 2025-26 അധ്യയന വർഷത്തേക്ക് അർഹരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. സ്ഥിരം തൊഴിലാളികളുടെ മക്കളുടെ അഭാവത്തിൽ താൽക്കാലിക തൊഴിലാളികളുടെ മക്കളെ പരിഗണിക്കുന്നതാണ്.

**യോഗ്യത:**

മാത്തമറ്റിക്സിന് മാത്രമായി പ്രത്യേകം 50% മാർക്ക് നേടുകയും മാത്തമറ്റിക്സ്, ഫിസിക്സ്, കെമസ്ട്രി എന്നീ വിഷയങ്ങളിൽ ചേർന്ന് 50% മാർക്കോടെ കേരള ഹയർസെക്കൻഡറി പരീക്ഷ അല്ലെങ്കിൽ തത്തുല്യ പരീക്ഷ വിജയിച്ചവർക്ക് അപേക്ഷിക്കാം.

അപേക്ഷകർ 2025 ലെ KEAM പരീക്ഷയിൽ യോഗ്യത നേടിയവർ ആയിരിക്കണം. റാങ്ക് അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുക

അപേക്ഷകർ www.kvasu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷ ഫോറവും ഇതിനായുള്ള സർട്ടിഫിക്കറ്റും ഡൗൺലോഡ് ചെയ്യേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ "ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്ന പേരിൽ എസ് ബി ഐ കൽപ്പറ്റ ശാഖയിൽ മാറാവുന്ന 1000/- രൂപയുടെ (എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് 500/- രൂപ) ഡിമാൻഡ് ഡ്രാഫ്റ്റ്, KEAM പോർട്ടലിൽ നിന്നു ലഭിക്കുന്ന CANDIDATE'S DATA SHEET, പത്താം ക്ലാസിലേയും പ് ളസ്ടുവിലേയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, സർവ്വകലാശാലയിലെ തൊഴിലാളിയുടെ മകൻ/ മകൾ ആണെന്ന് ബന്ധപ്പെട്ട സ്റ്റേഷൻ/ഫാം മേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, എസ്.സി/ എസ്.ടി. വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഡയറക്ടർ ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, ലക്കിടി പി. ഓ. വയനാട്-673576 എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ കവറിന്റെ പുറത്ത് ബി.ടെക് കോഴ്സിന്റെ സൂപ്പർ ന്യൂമററി സീറ്റിലേക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കണം.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 25.10.2025**

**ഡോ. പി. സുധീർ ബാബു**
**രജിസ്ട്രാർ**

സ്വീകർത്താവ്: 1. All Deans/Special Officers and Heads of Stations/Farms under KVASU for wide circulation
2. University Website

പകർപ്പ്: PS to VC/PA to Registrar

Approved By Dr. P. SUDHEER BABU (REGISTRAR) on October 10, 2025 09:38 AM IST
(The document is digitally approved and does not require any Seal or Signature in original)